ടി ജി– എഫ്എഎംഇ പരമ്പര

(പ്രത്യേക വിഭാഗത്തിനുള്ള സാമ്പത്തിക ബോധവത്ക്കരണ സന്ദേശം)




# കർഷകർക്കുള്ള സാമ്പത്തിക സാക്ഷരത



ഫിനാൻഷ്യൽ ഇൻക്ലൂഷൻ & ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്, ആർബിഐ

### സന്ദേശം 1

കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി – പ്രധാനമായും വിള വായ്പയുടെ ആവശ്യങ്ങൾക്കും ഭാഗികമായി ഉപഭോഗ ആവശ്യങ്ങൾക്കും.

### സന്ദേശം 2

വിള വായ്പകൾ കൃത്യമായി തിരിച്ചടച്ചാൽ നിരവധി നേട്ടങ്ങളുണ്ട്

### സന്ദേശം 3

കാർഷികോൽപന്നങ്ങൾ തിടുക്കപ്പെട്ട് നഷ്ടത്തിൽ വിൽക്കുന്നത് ഒഴിവാക്കുക– സംഭരണശാല (വെയർഹൗസ്) രസീതിന്മേൽ ലഭിക്കുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തുക

### സന്ദേശം 4

വിള ഇൻഷുറൻസ്– പ്രധാൻ മന്ത്രി ഫസൽ ഭീമ യോജന (പിഎംഎഫ്ബിവൈ)

### സന്ദേശം 5

പ്രകൃതി ദുരന്തം മൂലം വിള നാശം ഉണ്ടായാലും പ്രതീക്ഷ കൈവിടരുത്– വിള നാശത്തിന്റെ വ്യാപ്തി എത്രത്തോളമെന്ന് നിങ്ങളുടെ ബാങ്കിനെ അറിയിക്കുകയും ബാങ്കിൽ നിന്ന് സഹായം തേടുകയും ചെയ്യുക.



കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി – പ്രധാനമായും വിള വായ്പാ ആവശ്യങ്ങൾക്കും ഭാഗികമായി ഉപഭോഗ ആവശ്യങ്ങൾക്കും.

കാർഷികോൽപ്പന്നങ്ങൾ തിടുക്കപ്പെട്ട് നഷ്ടത്തിൽ വിൽക്കുന്നത് ഒഴിവാക്കുക– വിളവെടുപ്പിന് ശേഷം സംഭരണശാല (വെയർഹൗസ്) രസീതിന്മേൽ ലഭിക്കുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തുക.

വിള വായ്പകൾ കൃത്യമായി തിരിച്ചടച്ചാൽ നിരവധി നേട്ടങ്ങളുണ്ട് – പലിശ ധനസഹായ പദ്ധതി.* (ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം)



പ്രകൃതി ദുരന്തം മൂലം വിള നാശം ഉണ്ടായാലും പ്രതീക്ഷ കൈവിടരുത്– വിള നാശത്തിന്റെ വ്യാപ്തി എത്രത്തോളമെന്ന് നിങ്ങളുടെ ബാങ്കിനെ അറിയിക്കുകയും ബാങ്കിൽ നിന്ന് പുനർരൂപീകരണത്തിന്റെ (നിലവിലുള്ള വായ്പ പിന്നീട് അടച്ചാൽ മതിയാകുന്ന മറ്റൊരു തരത്തിലുള്ള വായ്പയാക്കി മാറ്റൽ) (റീസ്ട്രക്ചറിംഗ്) രൂപത്തിലുള്ള സഹായം തേടുകയും ചെയ്യുക.

നിങ്ങളുടെ വിളകൾ ഇൻഷുർ ചെയ്ത് സ്വയം സുരക്ഷ ഉറപ്പുവരുത്തുക– പ്രധാൻ മന്ത്രി ഫസൽ ഭീമ യോജന (പിഎംഎഫ്ബിവൈ)യിലൂടെ വിള ഇൻഷുർ ചെയ്യുക.

* ഭാരത സർക്കാർ സമയാസമയങ്ങളിൽ പ്രഖ്യാപിക്കുന്നതു പോലെ.

# ചെറുകിട, നാമമാത്ര കർഷകർക്ക് വേണ്ടി മാത്രം.

## സന്ദേശം 1: കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി – പ്രധാനമായും വിള വായ്പയുടെ ആവശ്യങ്ങൾക്കും ഭാഗികമായി ഉപഭോഗ ആവശ്യങ്ങൾക്കും.

കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി, കർഷകർക്ക് അവരുടെ വിള ഉൽപ്പാദന സമയത്തെ സാമ്പത്തിക ആവശ്യങ്ങളും (കൃഷി ചിലവ്), കൂടാതെ യാദൃശ്ചികമായി വന്നുകൂടുന്ന ചെലവുകളും നേരിടുന്നതിനായി യഥാസമയത്ത്, മതിയായ വായ്പ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ്. വേണ്ടപ്പോൾ വേണ്ടതുപോലെ വായ്പകൾ നേടുന്നതിനുള്ള ലളിതമായ നടപടിക്രമങ്ങളിലൂടെ ഇത് അനുബന്ധ പ്രവർത്തനങ്ങളുടെ ചെലവുകൾ കൂടി വഹിക്കുന്നു.

1



**വിളകൾ കൃഷി ചെയ്യുന്നതിനായി ഹ്രസ്വകാല വായ്പകൾ നേടുന്നതിന്.**

6



**കൃഷിക്കും പമ്പ് സെറ്റുകൾ, സ്പ്രേയറുകൾ, പാലുൽപാദനത്തിനായുള്ള കന്നുകാലികൾ മുതലായവ പോലുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കുമായുള്ള സാമ്പത്തിക ആവശ്യങ്ങൾക്ക്.**

2



**വിളവെടുപ്പിന് ശേഷമുള്ള ചെലവുകൾ.**




3



**കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള വായ്പകൾ.**

5



**കർഷകന്റെ ഗാർഹിക ഉപഭോഗ ആവശ്യങ്ങൾക്ക്.**


4



**കാർഷിക ആസ്തികളുടെ പരിപാലനത്തിനും, കന്നുകാലി വളർത്തൽ, മത്സ്യകൃഷി മുതലായ കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കും ഉള്ള പ്രവർത്തന മൂലധനം**

കുറിപ്പ്:
1 –5 വരെ ഉള്ളത് ഹ്രസ്വകാല വായ്പാ പരിധി വിഭാഗമായിരിക്കും. 6 ദീർഘകാല വായ്പാ പരിധി വിഭാഗമായിരിക്കും.

കിസാൻ ക്രെഡിറ്റ് കാർഡിലെ (കെ സി സി) ഹ്രസ്വകാല വായ്പാ പരിധിയുടെ 10 ശതമാനം ഗാർഹിക ഉപഭോഗ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താം എന്നിരിക്കിലും, ഉപഭോഗ ചെലവുകൾക്കായി കൂടുതൽ തുക ഉപയോഗിക്കാതിരിക്കുകയാണ് ഉചിതം.




## എന്തുകൊണ്ട് ?

നിങ്ങളുടെ വിള വായ്പാ ആവശ്യങ്ങളെ നേരിടുക എന്നതാണ് കെ സി സിയുടെ ഉദ്ദേശ്യം. ഗാർഹിക ചെലവുകൾക്കായി കെ സി സിയിൽ നിന്ന് വൻ തുക ചെലവിടുന്നത് വരുമാനം ഉണ്ടാക്കാനുള്ള നിങ്ങളുടെ ശേഷിയെ ബാധിക്കും. നിങ്ങളുടെ കാർഷിക വൃത്തിയിൽ നിന്നുള്ള വരുമാനം നിങ്ങളെ കെ സി സിയിലുള്ള വായ്പാ കുടിശ്ശികയുടെ തിരിച്ചടവിന് സഹായിക്കുന്നു. പണം വിള സംബന്ധമായ പ്രവൃത്തികളിൽ നിന്ന് മാറ്റി മറ്റ് കാര്യങ്ങൾക്കായി ചെലവഴിക്കുമ്പോൾ, നിങ്ങൾ നിങ്ങളുടെ വായ്പ തിരിച്ചടയ്ക്കാൻ പറ്റാത്ത ഒരു അവസ്ഥയിൽ പെട്ടുപോയേക്കാം.



## കെ സി സിയുടെ സവിശേഷതകൾ

1 കെ സി സിയിലൂടെ വായ്പയെടുക്കുന്നവർക്ക്, കെ സി സി അക്കൗണ്ടിൽ നിന്ന് എ ടി എമ്മിലൂടെ പണം പിൻവലിക്കാനും പി ഒ എസ് ടെർമിനലുകൾ വഴി പണം അടയ്ക്കുന്നതിനും വേണ്ടി ഡെബിറ്റ് കാർഡായും എ ടി എം കാർഡായും ഉപയോഗിക്കാവുന്ന ഒരു കാർഡ് നൽകും.

2 കെ സി സി ഒരു റിവോൾവിംഗ് അക്കൗണ്ടിന്റെ സ്വഭാവത്തിലുള്ളതായിരിക്കും. അക്കൗണ്ടിൽ ക്രെഡിറ്റ് ബാക്കി വല്ലതും ഉണ്ടെങ്കിൽ, അതിന് സേവിംങ് ബാങ്ക് നിരക്കിൽ പലിശ ലഭിക്കും.

**ഒരു ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് ഈട് ആവശ്യമില്ല**

## സന്ദേശം 2 : വിള വായ്പകൾ കൃത്യമായി തിരിച്ചടച്ചാൽ നിരവധി നേട്ടങ്ങളുണ്ട്

### ബാങ്കിൽ നിന്ന് കടം വാങ്ങൽ




3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വിള വായ്പകൾക്ക് 2017-18 ൽ നാല് ശതമാനം പലിശ. (പലിശ ധനസഹായ പദ്ധതികൾ ഭാരത സർക്കാർ സമയാസമയങ്ങളിൽ പ്രഖ്യാപിക്കുന്നതു പോലെ)*

### രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്ത സ്ഥാപനങ്ങളിൽ നിന്ന് / പണം കടം കൊടുക്കുന്നവരിൽ നിന്ന് കടം വാങ്ങൽ



ഉയർന്ന പലിശ നിരക്ക്. ഈട് ആവശ്യമായി വരികയോ വരാതിരിക്കുകയോ ചെയ്യാം.

### വായ്പയും പലിശയും യഥാസമയം അടയ്ക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ



→ ക്രെഡിറ്റ് സ്കോർ മെച്ചപ്പെടും.
→ അടുത്ത തവണ ഉയർന്ന തുക വായ്പ ലഭിക്കും.
→ പലിശ ചെലവ് കുറയും.

* 4 ശതമാനം നിരക്കിന് അർഹനാകണമെങ്കിൽ, ഒരു കർഷകൻ ബാങ്ക് നിശ്ചയിച്ചിട്ടുള്ള തിയതിക്ക് ഉള്ളിൽ തന്നെ വായ്പ തിരിച്ചടയ്ക്കേണ്ടതാണ്; എങ്ങനെയായാലും അത് ഒരു വർഷത്തിൽ കവിയരുത്.

## സന്ദേശം 3 : കാർഷികോത്പ്പന്നങ്ങൾ തിടുക്കപ്പെട്ട് നഷ്ടത്തിൽ വിൽക്കുന്നത് ഒഴിവാക്കുക – സംഭരണശാല (വെയർഹൗസ്) രസീതിന്മേൽ ലഭിക്കുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തുക

നിങ്ങൾക്ക് ഒരു നല്ല വിളവെടുപ്പ് ഉണ്ടായാൽ തന്നെയും, നിങ്ങളുടെ പണി പകുതി മാത്രമേ കഴിഞ്ഞിട്ടുള്ളു എന്ന കാര്യം ഓർക്കുക. നിങ്ങൾ നിങ്ങളുടെ ഉൽപ്പന്നം നല്ല വിലയ്ക്ക് വിൽക്കേണ്ടതുണ്ട്.



**കുറഞ്ഞ വിലയ്ക്ക് വിൽക്കരുത്!**

### സംഭരണശാലകൾ (വെയർഹൗസുകൾ) ഉപയോഗിക്കുക.



നിങ്ങൾക്ക് നല്ല വില കിട്ടുന്നില്ല എന്ന് തോന്നിയാൽ, നിങ്ങളുടെ ഉൽപ്പന്നങ്ങൾ വെയർഹൗസ് രസീതികൾ◌ ലഭ്യമാകുന്ന വെയർഹൗസുകളിൽ സംഭരിച്ചുവെയ്ക്കുക. നിങ്ങളുടെ അടിയന്തിരമായ പണമാവശ്യത്തിന് ബാങ്കുകളിൽ നിന്ന് ധന സഹായം ലഭിക്കുന്നതാണ്–കിസാൻ ക്രെഡിറ്റ് കാർഡ് (കെ സി സി) ഉള്ള ചെറുകിട, നാമമാത്ര കർഷകർക്ക് പലിശ ധന സഹായത്തിന്റെ ആനുകൂല്യം ലഭ്യമായിരിക്കും. ഇത് അവരുടെ ഉൽപ്പന്നങ്ങൾ വെയർഹൗസുകളിൽ സൂക്ഷിക്കുന്നതിനു ലഭിക്കുന്ന ക്രയവിക്രയം ചെയ്യാവുന്ന വെയർഹൗസ് രസീതിന്മേൽ വിളവെടുപ്പിന് ശേഷം ആറ് മാസക്കാലം വരെയായിരിക്കും, *നിരക്ക് 7 ശതമാനമായിരിക്കും.

* ഭാരത സർക്കാർ സമയാസമയം പ്രഖ്യാപിക്കുന്ന ഏറ്റവും പുതിയ പലിശ ധനസഹായ പദ്ധതി.

# വെയർഹൗസ് ഡവലപ്മെന്റ് ആന്റ് റഗുലേറ്ററി അതോറിറ്റി (ഡബ്ല്യൂ ഡി ആർ എ)യുടെ അംഗീകാരമുള്ള വെയർഹൗസുകൾ നൽകുന്നത്.

## സന്ദേശം 4 : വിള ഇൻഷുറൻസ്– പ്രധാൻ മന്ത്രി ഫസൽ ഭീമ യോജന (പിഎംഎഫ്ബിവൈ)

### സമഗ്ര ഇൻഷുറൻസ് സംരക്ഷണം

പിഎംഎഫ്ബിവൈ വിള നാശത്തിനെതിരായി ഒരു സമഗ്ര ഇൻഷുറൻസ് സംരക്ഷണം ലഭ്യമാക്കുന്നു, ഇത് കർഷകരുടെ വരുമാനം ഭദ്രമാക്കാൻ സഹായിക്കുകയും നവീനമായ കൃഷി രീതികൾ സ്വീകരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

### കുറഞ്ഞ പ്രീമിയം നിരക്ക്

കർഷകർക്ക് പിഎംഎഫ്ബിവൈ വളരെ കുറഞ്ഞ നിരക്കിലുള്ള പ്രീമിയത്തിൽ ലഭ്യമാണ്: റാബി (ശൈത്യകാല) വിളകൾക്ക് ഇൻഷ്വർ ചെയ്യപ്പെടുന്ന തുകയുടെ പരമാവധി 1.5% വരെ; ഖാരിഫ് (മൺസൂൺ) വിളകൾ, ഭക്ഷ്യവിളകൾ, ധാന്യങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയ്ക്ക് ഇൻഷ്വർ ചെയ്യപ്പെടുന്ന തുകയുടെ 2 ശതമാനം വരെ; വാർഷിക തോട്ടവിളകൾ/നാണ്യ വിളകൾക്ക് ഇൻഷ്വർ ചെയ്യപ്പെടുന്ന തുകയുടെ 5 ശതമാനം വരെ. ഈ പദ്ധതി പ്രത്യേക സന്ദർഭങ്ങളിൽ വിളവെടുപ്പിന് ശേഷമുള്ള അപകട സാധ്യതകൾക്ക് ഉൾപ്പെടെ വിളയുടെ എല്ലാം ഘട്ടത്തിലും ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്നു.

### പ്രീമിയം വ്യത്യാസം

കർഷകർ കൊടുക്കേണ്ടതായ ഇൻഷുറൻസ് ചാർജുകളുടെ നിരക്കും പ്രീമിയവും തമ്മിലുള്ള വ്യത്യാസം കേന്ദ്രവും സംസ്ഥാനവും തുല്യമായി പങ്കുവെയ്ക്കുന്നതാണ്.



### കടം വാങ്ങിയിട്ടുള്ള കർഷകന് നിർബന്ധിതം

പ്രഖ്യാപിത വിളകൾക്ക് വിള വായ്പ/കെ സി സി അക്കൗണ്ട് വഴിയുള്ള വായ്പ എടുത്തിട്ടുള്ള കർഷകർക്ക് ഈ പദ്ധതി നിർബന്ധിതമാണ്. എന്നാൽ, സംരക്ഷിത വിളകളിൽ ഇൻഷുറൻസ് താൽപര്യമുള്ള മറ്റുള്ളവർക്ക്/കടം എടുത്തിട്ടില്ലാത്ത കർഷകർക്ക് സ്വമേധയാ ഈ പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്.

### വിവിധ പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടാകുന്ന വിളനാശത്തിന് പരിരക്ഷ

താഴെ പറയുന്നവ മൂലം ഉണ്ടാകുന്ന വിള നാശങ്ങൾക്ക് : (1) സ്വാഭാവികമായ അഗ്നിബാധയും മിന്നലും; (2) കൊടുങ്കാറ്റ്, ആലിപ്പഴവർഷം, പേമാരി, ചുഴലിക്കാറ്റ് മുതലായവ; (3) വെള്ളപ്പൊക്കം, മലവെള്ളം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ; (4) വരൾച്ച, ക്ഷാമം, (4) കീടങ്ങൾ/രോഗങ്ങൾ മുതലായവ., വിളവെടുപ്പിന് ശേഷമുള്ള നഷ്ടങ്ങൾ/ പ്രഖ്യാപിതമായ പ്രദേശങ്ങളിലെ ഒറ്റപ്പെട്ട കൃഷിയിടങ്ങളിൽ തിരിച്ചറിയപ്പെട്ടതും, പ്രാദേശികവുമായ അപകടങ്ങൾ ( ഉദാ. ആലിപ്പഴവർഷം, മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ, മലവെള്ളം) എന്നിവയുടെ ഫലമായി ഉണ്ടാകുന്ന നഷ്ടങ്ങൾക്കും ഈ പദ്ധതിയിക്ക് കീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്.

### നഷ്ട പരിഹാരത്തിന്റെ 3 തലങ്ങൾ

നഷ്ട പരിഹാരത്തിന്റെ 3 തലങ്ങൾ– 70 ശതമാനം, 80 ശതമാനം, 90 ശതമാനം– ഓരോരോ പ്രദേശങ്ങളിലെ വിള നാശത്തിന് അനുസൃതമായി എല്ലാ വിളകൾക്കും ലഭ്യമാണ്.




നഷ്ട പരിഹാരം = നിയമപരമായ ഉത്തരവാദിത്ത്വം, നഷ്ടം, സാമ്പത്തിക ക്ലേശം എന്നിവയിൽ നിന്ന് സംരക്ഷണം.

**സന്ദേശം 5 : പ്രകൃതി ദുരന്തം മൂലം വിള നാശം ഉണ്ടായാലും പ്രതീക്ഷ കൈവിടരുത്– വിള നാശത്തിന്റെ വ്യാപ്തി എത്രത്തോളമെന്ന് നിങ്ങളുടെ ബാങ്കിനെ അറിയിക്കുകയും ബാങ്കിൽ നിന്ന് സഹായം തേടുകയും ചെയ്യുക.**



കേന്ദ്ര/സംസ്ഥാന സർക്കാർ, നിങ്ങളുടെ പ്രദേശത്തെ പ്രകൃതി ദുരന്ത (ഉദാ., ചുഴലിക്കാറ്റ്, വരൾച്ച, ഭൂകമ്പം, അഗ്നിബാധ, വെള്ളപ്പൊക്കം, സുനാമി, ആലിപ്പഴവർഷം, പേമാരി, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, ഹിമപാതം, മേഘവിസ്ഫോടനം, കീടബാധ, ശീത തരംഗം/ മഞ്ഞ് വീഴ്ച) ബാധിത പ്രദേശമായി പ്രഖ്യാപിച്ചുകഴിഞ്ഞാൽ, നിങ്ങളുടെ വിള നാശം 33 ശതമാനമോ അതിൽ അധികമോ ആണെങ്കിൽ, പ്രകൃതിദുരന്തത്തിന്റെ ഫലമായി ഉണ്ടായ നഷ്ടം മൂലം നിങ്ങളുടെ വായ്പാ തിരിച്ചടവ് ശേഷി ക്ഷയിച്ചതിനാൽ നിങ്ങൾ അടിയന്തിരമായി നിങ്ങൾക്ക് വായ്പ തന്ന ബാങ്ക് ശാഖയെ സമീപിക്കേണ്ടതാണ്.

## നിങ്ങൾക്ക് വേണ്ടി ബാങ്കിന് എന്ത് ചെയ്യാൻ കഴിയും?




### ഹ്രസ്വകാല വായ്പകൾ (വിള വായ്പകൾ)

നഷ്ടം 33 ശതമാനത്തിനും 50 ശതമാനത്തിനും ഇടയിലാണെങ്കിൽ പരമാവധി രണ്ടുവർഷം വരെ (മോറട്ടോറിയം – അഥവാ മരവിപ്പിക്കൽ കാലാവധിയായ ഒരു വർഷം ഉൾപ്പെടെ) തിരിച്ചടവ് കാലാവധി അനുവദിക്കും. വിള നാശം 50 ശതമാനമോ അതിൽ അധികമോ ആണെങ്കിൽ, തിരിച്ചടവിനായി പുതുക്കി നിശ്ചയിക്കപ്പെടുന്ന കാലാവധി പരമാവധി അഞ്ച് വർഷം (മോറട്ടോറിയം കാലാവധിയായ ഒരു വർഷം ഉൾപ്പെടെ)വരെയായി ദീർഘിപ്പിച്ചേക്കാം.

നിങ്ങളുടെ ഹ്രസ്വകാല വായ്പയിന്മേലുള്ള മുതലും പലിശയും ഒരു ടേം ലോണാക്കി മാറ്റുക.

എല്ലാത്തരത്തിലുള്ള വായ്പാ പുനർരൂപീകരണത്തിലും, കുറഞ്ഞത് ഒരു വർഷത്തെ മോറട്ടോറിയം കാലാവധി പരിഗണിക്കപ്പെടുന്നതാണ്. കൂടാതെ, അത്തരത്തിൽ പുനർരൂപീകരിച്ച വായ്പകൾക്ക് ബാങ്ക് കൂടുതൽ ഈടിന് നിർബന്ധിക്കില്ല.

**കാർഷിക വായ്പകൾ–** ദീർഘകാല (നിക്ഷേപ)വായ്പ: നിങ്ങളുടെ തിരിച്ചടവ് ശേഷിയും പ്രകൃതി ദുരന്തത്തിന്റെ സ്വഭാവവും വ്യാപ്തിയും കണക്കിലെടുത്തുകൊണ്ട് നിലവിലുള്ള ടേം ലോണിന്റെ ഗഡുക്കൾ പുനർക്രമീകരിക്കപ്പെടും.

**പ്രകൃതി ദുരന്തം മൂലം നിങ്ങളുടെ വിളകൾ നശിക്കുമ്പോൾ, ആ വിവരം ബാങ്ക് ശാഖയെ അറിയിക്കുകയും ബാങ്കിൽ നിന്ന് സഹായം തേടുകയും ചെയ്യേണ്ടത് നിങ്ങളുടെ കടമയാണ്.**

## പ്രത്യേക വിഭാഗത്തെ ലക്ഷ്യംവെച്ചുള്ള സാമ്പത്തിക സാക്ഷരതാ പഠനസാമഗ്രി

ആർ ബി ഐയുടെ എക്സിക്യൂട്ടിവ് ഡയറക്റ്റർ ശ്രീ. ദീപക് മൊഹന്തിയുടെ അദ്ധ്യക്ഷതയിലുള്ള, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളേയും സാമ്പത്തിക ഉൽപ്പന്നങ്ങളുടെ ഗുണഭോക്താക്കളാക്കി മാറ്റുന്ന സമഗ്ര സാമ്പത്തിക ഉൾപ്പെടുത്തലിന്റെ ഇടക്കാല മാർഗത്തിനായുള്ള സമിതി (കമ്മറ്റി ഓൺ മീഡിയം–ടേം പാത്ത് ഓൺ ഫിനാൻഷ്യൽ ഇൻക്ലൂഷൻ) യുടെ ശുപാർശകളിലൊന്ന് സാമ്പത്തിക വിദ്യാഭ്യാസത്തിനായി ലക്ഷ്യംവെയ്ക്കപ്പെടുന്ന സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങൾക്ക് വ്യത്യസ്ത തരത്തിലുള്ള സാമ്പത്തിക വിദ്യാഭ്യാസം വേണ്ടി വരും എന്നതിനാൽ സാമ്പത്തിക വിദ്യാഭ്യാസത്തിനായി 'എല്ലാ സാഹചര്യങ്ങൾക്കും അനുയോജ്യമായ' ഒരു  സമീപനമെന്നത് ഏറ്റവും അനുയോജ്യമായത് ആയേക്കില്ല, അതിനാൽ പാഠ്യപദ്ധതിയുടെ ഉള്ളടക്കം ഓരോ വ്യത്യസ്ത വിഭാഗത്തിനും അനുയോജ്യമാകേണ്ടതുണ്ട് എന്നതായിരുന്നു.

ഭാരതീയ റിസർവ് ബാങ്കിന്റെ സാമ്പത്തിക ഉൾപ്പെടുത്തൽ, വികസന വകുപ്പ്, അഞ്ച് വ്യത്യസ്ത വിഭാഗങ്ങൾക്കായി, അതായത് കർഷകർ, ചെറുകിട സംരംഭകർ, സ്കൂൾ വിദ്യാർത്ഥികൾ, സ്വയം സഹായ സംഘങ്ങൾ (എസ് എച്ച് ജി കൾ), മുതിർന്ന പൗരന്മാർ എന്നിവർക്കായി പ്രത്യേകം പ്രത്യേകം തയ്യാറാക്കിയിട്ടുള്ള സാമ്പത്തിക സാക്ഷരതാ പാഠങ്ങൾ അവതരിപ്പിക്കുകയാണ്. ഇത്തരത്തിൽ അവതരിപ്പിക്കുന്ന അഞ്ച് പുസ്തകങ്ങളുടെ പരമ്പരയിലെ ഒരു പുസ്തകമാണിത്.

### ബാദ്ധ്യതാ നിരാകരണം

ഈ പുസ്തകം വായനക്കാരനെ സാമ്പത്തിക സാക്ഷരനാക്കുക എന്ന ആത്മാർത്ഥമായ ഉദ്ദേശ്യത്തോടെ ഒരു വായനാ, പഠന സാമഗ്രി എന്ന നിലയ്ക്കാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇത് വായനക്കാരനെ ഏതെങ്കിലും പ്രത്യേക സാമ്പത്തിക ഉൽപ്പന്നം/ഉത്പന്നങ്ങൾ സംബന്ധിച്ചോ സാമ്പത്തിക സേവനം/സേവനങ്ങൾ സംബന്ധിച്ചോ തീരുമാനം എടുക്കുന്നതിൽ  സ്വാധീനിക്കാൻ ഉദ്ദേശിച്ചുള്ളതല്ല.


### പകർപ്പവകാശം

ആദ്യ പതിപ്പ് – ഏപ്രിൽ 2018

സ്രോതസ്സ് വെളിപ്പെടുത്തിക്കൊണ്ട് ഇത് പുനഃപ്രസിദ്ധീകരിക്കാവുന്നതാണ്.

### പ്രസാധകർ

ഫിനാൻഷ്യൽ ഇൻക്ലൂഷൻ & ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്,
ഭാരതീയ റിസർവ് ബാങ്ക്
10–ാം നില, സെൻട്രൽ ഓഫീസ് ബിൽഡിംഗ്,
ശഹീദ് ഭഗത് സിംഗ് മാർഗ്,
ഫോർട്ട്,
മുംബൈ.

### കൃതജ്ഞത

രൂപകല്പന: കൗശിക് രാമചന്ദ്രൻ

**ഫിനാൻഷ്യൽ ഇൻക്ലൂഷൻ & ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**
**ഭാരതീയ റിസർവ് ബാങ്ക്**
10–ാം നില, സെൻട്രൽ ഓഫീസ് ബിൽഡിംഗ്,
മുംബൈ 400001, ഇന്ത്യ